## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 99

02.03.2017 ൽ മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ലാന്റ് ട്രൈബ്യൂണലുകളിൽ പതിനായിരക്കണക്കിന് അപേക്ഷകൾ ദീർഘകാലമായി കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ? | (ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 30.09.2016-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 17 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും 30.12.2016 വരെ തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ആയതു പ്രകാരം 92211 കേസുകൾ തീർപ്പാക്കുവാനുണ്ടായിരുന്നതിൽ 4774 കേസുകൾ 30.12.2016 വരെ തീർപ്പാക്കിയിട്ടുണ്ട്. 2017 ജനുവരി മാസത്തിൽ 1163 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. ട്രൈബ്യൂണൽ ഓഫീസുകളിലെ കേസുകൾ |

തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് പരിശീലന ക്ലാസ്സ് നൽകിവരുന്നു. ഭൂപരിഷ്കരണ നടപടികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരെ കഴിയുന്നതും മറ്റ് ചുമതലകളിൽ നിന്നും ഒഴിവാക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാർമാർ കുറഞ്ഞത് രണ്ടു വർഷമെങ്കിലും ടി ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പ് കല്പിക്കുന്നതിന് 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

Srividhya

സെക്ഷൻ ഓഫീസർ